A410
260049

410

260049

# പ്രേമാങ്കുരം.

A 410

SEN GUPTA MEMORIAL READING ROOM & LIBRARY PUTHIYARA.

കെ. ആർ. ഭാസ്കരൻ.

Presented to the ... Library by K.R.Bhaskaran 4-5-'...
260049

കേരളഭാനു ഗ്രന്ഥാവലി 5.

# പ്രേമാങ്കുരം.

ഗ്രന്ഥകർത്താ:

കെ. ആർ. ഭാസ്കരൻ.

പ്രസാധകന്മാർ:

കേരളഭാനു ബുക്ക ഡിപ്പോ പുതുക്കാട്.

(കൊച്ചിൻ സ്റ്റേയിററ്)

കേരളോദയം പ്രസ്സ്, തൃശ്ശിവപേരൂർ.

ഒന്നാം പതിപ്പ്.

1106.

വില 0-4-0

പകർപ്പവകാശം ഗ്രന്ഥകർത്താവിനു.

894.83.5
BHA

SEN GUPTA MEMORIAL
PUTHIYARA.
READING ROOM & LIBRARY

# മുഖവുര.

ഈ ചെറുകഥ എഴുതിത്തീൎന്നിട്ട ഇപ്പോൾ നാലു കൊല്ലത്തോളമായി; അതായതു 'ധീരവനിത' പ്രസിദ്ധപ്പെടുത്തിയ ഉടനെ തന്നെ ഇതെഴുതിതീൎത്തു. എഴുതുന്ന അവസരത്തിൽ ഇതിനെ പുസ്തകരൂപത്തിൽ പ്രസിദ്ധപ്പെടുത്തണമെന്ന വിചാരമേ ഉണ്ടായിരുന്നില്ല. ഏതെങ്കിലും മാസികയിൽ പ്രസിദ്ധപ്പെടുത്തണമെന്നു കരുതി എഴുതുകയാണുണ്ടായതെങ്കിലും സംഗതിവശാൽ ഇതിനെ ഒരു മാസികയിലേക്കും അയക്കയുണ്ടായില്ല. ഇങ്ങിനെ ഈ കഥ ഏതാനും കൊല്ലങ്ങൾ എന്റെ നോട്ടുപുസ്തകത്തിൽ തപസ്സുചെയ്യുന്നതിന്നിടയായി. പിന്നീട കഴിഞ്ഞ കൊല്ലത്തിൽ ഇതിനെ പുസ്തകരൂപത്തിൽ പ്രസിദ്ധപ്പെടുത്തണമെന്നു കരുതി അവതാരികക്കായി മഹാകവി വള്ളത്തോളവർകൾക്കയക്കയും അദ്ദേഹം അവതാരികയെഴുതി വേഗത്തിൽ മടക്കി അയക്കയും ചെയ്തു. എന്നാൽ അവതാരിക ലഭിച്ച സന്ദൎഭത്തിൽ സംഗതിവശാൽ എനിക്ക മദ്രാസിൽ പോയി താമസിക്കേണ്ടി വരിക മൂലവും പിന്നീട അവിചാരിതമായി നേരിട്ട അസൌകൎയ്യങ്ങളാലും മറ്റും ഇതിന്റെ പ്രസിദ്ധീകരണം വീണ്ടും ദീൎഘിക്കേണ്ടിവന്നു.

ഈ കൃതിയെ ആപാദചൂഡം വായിച്ചു നോക്കി ഒരവതാരിക എഴുതിത്തന്ന മഹാകവി വള്ളത്തോളവർക

ളോട്ടു ഞാൻ ഹൃദയപൂർവ്വം നന്ദിപറഞ്ഞുകൊള്ളുന്നു. അവതാരികയിലെ ചില ഭാഗങ്ങളോട്ടു എനിക്കു യോജിക്കുവാൻ നിവൃത്തിയില്ലാതെ വന്നതിൽ വ്യസനിക്കുന്നു.

ഇതൊരു സാമുദായിക കഥയാണ്. സമുദായപരിഷ്കരണവിഷയത്തിൽ അഭിപ്രായവ്യത്യാസമുള്ള ചില സംഗതികളെ ലാക്കാക്കി എഴുതീട്ടുള്ള ഈ കൃതിയുടെ നേരെ ചിലൎക്കു നെററി ചുളിക്കുവാനും ഇടവന്നേക്കാം; എങ്കിലും ഉൽകൃഷ്ടമായ ഒരാദൎശത്തെ മുൻനിൎത്തിയുള്ള എന്റെ ഈ ശ്രമത്തെ മഹത്തുക്കളായ വായനക്കാർ സ്നേഹപൂർവ്വം നിരീക്ഷിക്കുമെന്നാണ് എന്റെ വിശ്വാസം.

ഔദാൎയ്യനിധികളും ഭാഷാഭിമാനികളുമായ മഹാജനങ്ങളുടെ ദയാപൂർവ്വമായ സ്വീകരണത്തെ പ്രതീക്ഷിച്ചുകൊണ്ടു ഇതാ 'പ്രേമാങ്കുര'ത്തേയും സഹൃദയസമക്ഷം സമൎപ്പിച്ചുകൊള്ളുന്നു.

പുതുക്കാട്ട്
1106 തുലാം 1-ാംനു } കോമത്തുകാട്ടിൽ ഭാസ്കരൻ.

# അവതാരിക.

ആ ആഢ്യനമ്പൂതിരി യുവതിയെക്കൊണ്ടു എളിയ പുലയനെ നിശ്ശങ്കം വരണം ചെയ്യിച്ച വൈദഗ്ദ്ധ്യശാലിയായ "ദുരവസ്ഥാ" കാവ്യമേ, നിനക്കിതാ ഒരോമനക്കൊച്ചനുജൻ പിറന്നിരിക്കുന്നു. ഒരു നായർസ്ത്രീ ഒരീഴവനെ ഭർത്താവാക്കിയതാണു്, ശ്രീമാൻ കെ. ആർ. ഭാസ്കരന്റെ പുതിയ പ്രതിഭാങ്കുരമായ ഈ "പ്രേമാങ്കുരാ"ഖ്യാനത്തിലെ ഇതിവൃത്തം. 'നായർസമുദായത്തിൽ ഭവതിയ്ക്കു ഇപ്പോഴുള്ള മാന്യസ്ഥാനം വിവാഹം കഴിഞ്ഞിട്ടും ലഭിക്കാത്ത പക്ഷം ഭവതിക്കു ഈഴവസമുദായത്തിൽ ഒരുത്തമസ്ഥാനം ഞങ്ങളുടെ സമുദായം തരുവാൻ ഒരുക്കമായിരിക്കും.' എന്നിങ്ങിനെ സമാശ്വസിപ്പിക്കുന്നതിനു മുമ്പുതന്നെ സുകുമാരൻ മീനാക്ഷിയാൽ വരിയ്ക്കപ്പെട്ടുകഴിഞ്ഞു. "കുലവനിതകളുടെ നിർമ്മലാനുരാഗമുണ്ടോ 'ജാതിപ്പിശാചി'ന്റെ കൂത്താട്ടത്തിനു കീഴടങ്ങുന്നു!"

മീനാക്ഷിയെ പ്രാണാപായത്തിൽനിന്നു രക്ഷിച്ചതു ഒരു പറയനായിരുന്നുവെങ്കിൽ, ആ പറയനുപോലും അവൾ മടിക്കൂടാതെ തന്റെ 'ദേഹത്തെ സമർപ്പിയ്ക്കു'മായിരുന്നു; അത്രയ്ക്കു കൃതജ്ഞതയും സമചിത്തതയുമാണവൾ. അവൾക്കു "മതമോ ജാതിയോ ഏതായാലും വിരോധമില്ല; ഉത്തമമായ ഒരു ജീവിതംനയിക്കാൻ സൌകര്യം വേണം" എന്നേ വിചാരമുള്ളു. നായർവനിതമാരേ, നിങ്ങളുടെ ഈ സഹോദരിയുടെ "പരിശുദ്ധവും നിശ്ചലവുമായ" അനുരാഗവും സുധീരമായ നിശ്ചയവും നിങ്ങളെ കോൾമയിർക്കൊള്ളിയ്ക്കുകയില്ലയോ? "ജനാപവാദ

ത്തെ സഹിക്കാൻ തീച്ച്യയാക്കി" ഭാഗിനേയിയെ തല്ലി ച്ചൊത്തു താഴ്ന്നജാതിയിൽപെട്ടവന്നുകൊടുക്കുകതന്നെ ചെയ്യു കരുണാകരൻ നായരെപ്പോലെ അനന്തരവസ്നേഹമുള്ള കാരണവനുണ്ടെങ്കിൽ, ഹാ, മരുമക്കത്തായം എന്നെന്നും മനോഹരം തന്നെ!

പഠിപ്പും ലോകപരിചയവുമില്ലാത്ത ഒരുത്തിയല്ല മീനാക്ഷി. ശ്രീനാരായണഗുരുസ്വാമികളുടെ "ദിവ്യസന്ദേശരശ്മികൾ തട്ടി ഉണൎന്നിരിക്കുന്ന ഈഴവസമുദായം ഭാരതത്തിന്നു ഒരു മാതൃകയായി തീരുവാനാണ് പോകുന്നതെ"ന്നും ആ "ദിവ്യാത്മാവിന്റെ ഉപദേശപ്രകാരം ഏതു ജാതിയിലും മതത്തിലും പെട്ടവൎക്കും ഈഴവസമുദായത്തിൽ ചേരുന്നതിന്നും, സമുദായത്തിലെ സകലവിധ സ്വാതന്ത്ര്യങ്ങളും അനുഭവിച്ചു മാന്യനിലയിൽ പെരുമാറുന്നതിന്നും വിരോധമില്ലാതായി തീൎന്നിട്ടുണ്ടെന്നും അവൾ പത്രങ്ങളിൽനിന്നു സസന്തോഷം മനസ്സിലാക്കിട്ടുണ്ട്; "സാമുദായികകാൎയ്യങ്ങളിൽ നായർ സമുദായവും വേഗത്തിൽ ഈഴവസമുദായത്തെ അനുകരിച്ചു പരിഷ്കൃതമാകുവാൻ ഒരുക്കങ്ങൾ ചെയ്തുവരുന്നതു" അവൾ കാണുന്നുമുണ്ട്. എല്ലാംകൊണ്ടും, "ജാതിയും മതവും ഒന്നും ഗണ്യമാക്കാതെ അനുരാഗമുള്ള സ്ത്രീപുരുഷന്മാർ തമ്മിൽ വിവാഹം നടത്തുന്നതിന്നു വിരോധമില്ലാതായിത്തീരണം" എന്നീ വിശാലസിദ്ധാന്തത്താൽ വിഭൂഷിതഹൃദയനായ സുകുമാരന്നു അനുരൂപതന്നെയാണ്, മീനാക്ഷി. അഹോ, പരസ്പരാനുരൂപ്യസുഭഗമായ ദാമ്പത്യമേ, വിജയിപ്പൂതാക!

വന്നേരി,
10-വൃശ്ചികം 105 } വള്ളത്തോൾ.

# പ്രേമാങ്കുരം.

I.

"ശരി, ഹതവിധിയായ മേഘമാ-
ന്നിഴലുപരന്നിത, ലോകയാത്രയിൽ
മുറുകി വലിയ കോളു, കന്യയാം
ചെറുകളിവഞ്ചികുടുങ്ങിയാടലിൽ."

സമയം ഏകദേശം സന്ധ്യയായി. നഭോമണ്ഡലം കാർമ്മേഘങ്ങളാൽ നിറഞ്ഞുകഴിഞ്ഞു. ഇടിമുഴക്കവും മിന്നലും കുറേശ്ശ തുടങ്ങിട്ടുണ്ടു്. കാററും പതുക്കെ വീശിത്തുടങ്ങി. ഒരു മഴയ്ക്കുള്ള ആരംഭവുമായി.

അതാ ആററിൽക്കൂടി ഒരു ചെറുവഞ്ചി അങ്ങോട്ടുമിങ്ങോട്ടും ഓളം തല്ലി അലക്കുന്നു. കാററും ഭയങ്കരമായി വീശുന്നുണ്ടു്. അഹോ കഷ്ടം! അതാ ആ ചെറുവഞ്ചി മറിഞ്ഞുകഴിഞ്ഞു. "ഈശ്വരാ എന്നെ രക്ഷിക്കേണമേ!" എന്നുള്ള ഒരു ദീനസ്വരം മാത്രം കേൾക്കാറായി മറുകരയിൽ നിന്നിരുന്ന ഒരാൾ ഈ വിലാപം കേട്ടു. അയാൾ ഉടനെതന്നെ പുഴയിലേക്കു ചാടി വഞ്ചി മറിഞ്ഞ ദിക്കിലേക്കു നീന്തിച്ചെന്നു. പക്ഷെ അയാൾ അവിടെ എത്തുമ്പോഴെക്കും വഞ്ചിയിലുണ്ടായിരുന്ന ആ യുവതി ഓളം തല്ലി വളരെ ദൂരം ഒഴുകിപ്പോയി. കഷ്ടം! രക്ഷിക്കാൻ വന്ന ആൾ കുറെനേരം അന്വേഷിച്ചിട്ടും യുവതിയെ കണ്ടുകിട്ടായ്കയാൽ നിരാശയോടുകൂടി മടങ്ങേണ്ടിവന്നു! യു

ഥതിയാകട്ടെ വെള്ളത്തിൽ മുങ്ങിയും താന്നും നീന്തിക്കുഴങ്ങി കുറെ ദൂരം ചെന്നു. അപ്പോൾ വെള്ളത്തിലേക്കു ചാഞ്ഞു നിന്നിരുന്ന ഒരു വമ്പിച്ച മരം നില്ക്കുന്നതു കാണുകയാൽ അവൾ അവിടേക്കു ചെന്നു. ഭാഗ്യവശാൽ അതിന്റെ ഒരു കൊമ്പിന്മേൽ അവൾക്കു പിടികിട്ടി. അവൾ അതിന്മേൽ പിടിച്ചുകൊണ്ടു വെള്ളത്തിൽനിന്നും മരത്തിന്മേൽ കയറി. അതിൽനിന്നും കരയ്ക്കിറങ്ങുവാൻ യാതൊരു മാൎഗ്ഗവും കാണാതെ ആ സാധ്വീമണി വല്ലാതെ കുഴങ്ങി.

* * * * * * *

മനോഹരമായ ഒരു പൂന്തോട്ടം. പലവിധ ഫലവൃക്ഷങ്ങളും സൌരഭ്യമുള്ള പുഷ്പങ്ങളോടുകൂടിയ ചെടികളും അസംഖ്യം. ദിവസംപ്രതി മീനാക്ഷി പുഷ്പങ്ങൾ അറുക്കുന്നതിന്നും ചെടികളെ ശുശ്രൂഷിക്കുന്നതിന്നും ആയി തോട്ടത്തിൽ പോകാറുണ്ടു്. ഒരു ദിവസം പൂന്തോട്ടത്തിൽ പോയ മീനാക്ഷി പൂക്കൾ അറുത്തു നടന്നു സന്ധ്യയായതറിഞ്ഞില്ല. സന്ധ്യയായപ്പോഴാണ് അവൾ തോട്ടത്തിൽനിന്നും കുളിപ്പാനായ് പുഴയിലേക്കു ഓടിയതു്. വേഗത്തിൽ കുളിച്ചുകയറണമെന്നു കരുതി അവൾ ചില വസ്ത്രങ്ങൾ അഴിച്ചു പുഴയുടെ കല്പടവിൽ ഇട്ടു പുഴയിലേക്കിറങ്ങി. പെട്ടെന്നു ഒരു കാററടിക്കയാൽ കല്പടവിൽ ഇട്ട വസ്ത്രം പുഴയിൽവീണു. അവിടെ വെള്ളം അധികമായിരുന്നതുകൊണ്ടു അവൾ കടവിൽ കിടന്നിരുന്ന വഞ്ചിയിൽ കയറി വസ്ത്രത്തെ ലക്ഷ്യമാക്കി വഞ്ചി തുഴഞ്ഞു. നിൎഭാഗ്യവശാൽ അല്പം ദൂരെ ചെന്നപ്പോൾ വഞ്ചി മറി

യുകയും അതിലുണ്ടായിരുന്ന തരുണി പുഴയിൽ വിഴുകയും ചെയ്തു.

* * * * * * *

സമയം ഏകദേശം രാത്രി എട്ടുമണിയായിരിക്കുന്നു. മീനാക്ഷി ആ മരക്കൊമ്പിൽ മഴകൊണ്ടു വിറച്ചിരിക്കുന്നു. അടുത്തു ആരുടേയൊ കാൽപെരുമാററവും ശബ്ദവും കേട്ടതോടുകൂടി മീനാക്ഷി വല്ലാതെ പരിഭ്രമിച്ചു. അതു വല്ല കള്ളന്മാരോ കവൎച്ചക്കാരോ ആയിരിക്കാമെന്നു കരുതി മീനാക്ഷി ഭയപ്പെട്ടു വിറച്ചു ബോധരഹിതയായി തീൎന്നു. അപ്പോഴത്തെ അവളുടെ സ്ഥിതി എന്തായിരിക്കാമെന്നു വായനക്കാർതന്നെ ഊഹിക്കുന്നതായിരിക്കും ഉത്തമം.

* * * * * * *

ഇരുട്ടായിട്ടും കുളിക്കാൻ പോയ മീനാക്ഷിയെ കാണായ്കയാൽ കല്യാണിഅമ്മക്കു വല്ലാത്ത വ്യസനമായി. നിലവിളിച്ചുകൊണ്ടു ആ അമ്മ തോട്ടത്തിലേക്കും പുഴയിലേക്കുമായി ഓടി. പിന്നാലെ വീട്ടിലുള്ള മററാളുകളും മീനാക്ഷിയെ തിരഞ്ഞുകൊണ്ടു ഓടിഎത്തി. തോട്ടത്തിലും പുഴക്കടവിലും അവളെ കാണായ്കയാൽ കല്യാണിഅമ്മക്കും മററുള്ളവൎക്കും വ്യസനം അധികരിച്ചു. വീട്ടിലെ ഏകസന്താനവും സൌശീല്യാദി സൽഗുണങ്ങളുടെ വിളനിലവുമായ മീനാക്ഷിയെ കാണാതായതിൽ വീട്ടിലുള്ളവൎക്കെല്ലാം വലിയ വ്യസനമുണ്ടായെന്നു പറയേണ്ടതില്ലല്ലോ. അവളെ അന്വേഷിക്കുന്നതിന്നായി അവർ പലരേയും പലേ ദിക്കിലേക്കും ആ രാത്രിതന്നെ അയച്ചു. ക

ല്യാണിഅമ്മയാകട്ടെ മകളെ കണ്ടില്ലെങ്കിൽ അപ്പോൾ താനെ മരിക്കുമെന്നും മററും പറഞ്ഞു മോഹാലസ്യപ്പെട്ടു വീണു. കാരണവരായ കരുണാകരൻനായൎക്കും ദുസ്സഹനീയമായ വ്യസനം ഉണ്ടായി. എല്ലാവരും ദുഃഖാബ്ധിയിൽ നിമഗ്നരായി.

## II.

"സന്തുഷ്ടിയോതുവാൻ വാക്കുകിട്ടാഞ്ഞവൾ
ചിന്തിച്ചുമൌനം ഭജിച്ചിരുന്നാൾ."

വിശാലമായ ഒരു മുറി. അതിൻെറ ഒരു ഭാഗത്തു ഒരു കട്ടിൽ കിടക്കുന്നു. ഒററത്തു ഒരു വിളക്കും മേശപ്പുറത്തു കത്തിയിരിക്കുന്നുണ്ടു്. കട്ടിലിന്മേൽ ഒരു യുവതി കിടക്കുന്നു. അരികത്തിരുന്നു വേറൊരാൾ വീശുന്നുണ്ടു്. സ്വല്പസമയത്തിനുള്ളിൽ യുവതിക്കു ബോധമുണ്ടായി. അതവളുടെ ഗൃഹമാണെന്നുള്ള വിചാരത്താൽ അവൾ അമ്മയെ വിളിച്ചു വെള്ളം കൊണ്ടുവരുവാൻ ആവശ്യപ്പെട്ടു. അരികത്തിരുന്നിരുന്ന യുവാവു അവൾക്കു കുറെ വെള്ളം കൊണ്ടുവന്നുകൊടുത്തു. വെള്ളം കുടിച്ചു സുഃബോധം വന്നപ്പോൾ അമ്മക്കു പകരം അവൾ അവളുടെ മുമ്പിൽ കണ്ടതു സുന്ദരനായ ഒരു യുവാവിനെയാണു്. അവൾ ആസകലം ഒന്നു കണ്ണോടിച്ചു. അപ്പോഴാണു് അതവളുടെ വീടല്ലെന്നും വെള്ളം കൊണ്ടുവന്നുകൊടുത്തതു അവളുടെ അമ്മയല്ലെന്നും അവൾക്കറിവാനിടയായതു. അത്യന്തം ഭയത്തോടും ആശ്ചര്യത്തോടും ലജ്ജയോടുംകൂടി അ

വൽ 'താനെവിടെയാണ് കിടക്കുന്നതെന്നു' യുവാവി നോടു ചോദിച്ചു.

യുവാവു (പുഞ്ചിരിയോടുകൂടി) ഭവതിയുടെ വീടല്ല ഇത്.

യുവതി — നിങ്ങളെന്തിനെയാണ് എന്നെ ഇവിടെ കൊണ്ടുവന്നതു?

യുവാവു — താൻ അവളെ പുഴയിൽ മരങ്ങളുടെ ഇടയിൽ കണ്ടതും, ബോധമില്ലെന്നറിഞ്ഞു അവളെ വീട്ടിൽ കൊണ്ടുവന്നതുമായ സകല വിവരവും പറഞ്ഞുകേൾപ്പിച്ചു. മീനാക്ഷി ഇതെല്ലാം കേട്ടിട്ടുണ്ടായ സന്തോഷാശ്രുക്കൾക്കിടയിൽ തൻെറ രക്ഷിതാവായ യുവാവിനെ കൃതജ്ഞതാപൂർവ്വം ഒന്നു സൂക്ഷിച്ചുനോക്കി.

സുകുമാരൻ — ഭവതിയുടെ പേരെന്താണ്?

യുവതി — മീനാക്ഷി.

സുകുമാരൻ — എന്തിനെയാണ് ഈ ഘോരരാത്രിയിൽ ആ മരത്തിന്നിടയിൽ അകപ്പെട്ടതു? സ്വദേശം എവിടെയാണ്?

മീനാക്ഷി — എൻെറ സ്വദേശം ആലപ്പുഴയാണ്. കോട്ടയിൽ എന്നു പറയുന്ന ഒരു നായർതറവാട്ടിലെയാണ് ഞാൻ. സന്ധ്യാസമയത്തു കുളിക്കുവാൻവേണ്ടി പുഴയിൽ ഇറങ്ങിയപ്പോൾ പിണഞ്ഞ ആപത്താണ് ഇതു. പെട്ടെന്നുണ്ടായ ശബ്ദംകേട്ടു പേടിച്ചു ബോധരഹിതയായിതീർന്നതുമാത്രമേ എനിക്കോർമ്മയുള്ളു. പിന്നെ എന്താണ് സംഭവിച്ചതെന്നു എനിക്കു അറിഞ്ഞുകൂടാ. ഇവിടെ എങ്ങിനെ എത്തി എന്നും മററും എനിക്കു നി

ശയമില്ല. കരുണാനിധിയായ ഭവാനാണ് എന്നെ രക്ഷിച്ചു ഈ സ്ഥിതിയിൽ ആക്കിയിരിക്കുന്നതെന്നു ഞാൻ വിശ്വസിക്കുന്നു. എന്റെ ജീവനെ രക്ഷിച്ച അങ്ങേക്കു ഞാൻ തക്ക പ്രത്യുപകാരം ചെയ്വാൻ അശക്തയാണ്.

സുകുമാരൻ—ഞാൻ പ്രത്യേകിച്ചു ഒരു ബുദ്ധിമുട്ടും ഉപകാരവും ഭവതിക്കുവേണ്ടി ചെയ്തിട്ടില്ല. ബോധമില്ലാതെ കിടന്നിരുന്ന ഭവതിയെ രക്ഷിച്ചതു എന്റെ ഒരു ധമ്മമായിട്ടേ ഞാൻ കരുതുന്നുള്ളു. ആരായാലും ഇതുപോലുള്ള ഘട്ടങ്ങളിൽ ഇങ്ങിനെ ചെയ്യാതിരിക്കയില്ല. അതിന്നു പ്രത്യേകിച്ചു എനിക്കു ഒരു നന്ദിയും പറയണമെന്നില്ല.

മീനാക്ഷി—ഭവാന്റെ ധമ്മബുദ്ധിയെ എത്ര പ്രശംസിച്ചാലും അധികമായിപ്പോകുന്നതല്ല. ഭവാനെപ്പോലെയുള്ള ധമ്മയോദ്ധാക്കളെ ദൈവം അനുഗ്രഹിക്കട്ടെ! എന്നെ രക്ഷിച്ചതിന്നു തക്ക പ്രതിഫലം, ദൈവത്താലല്ലാതെ, എന്നെക്കൊണ്ടു തരുവാൻ അസാദ്ധ്യമാണ്.

സുകുമാരൻ—ഭവതിയെപ്പോലുള്ളവരുടെ കരുണമാത്രമുണ്ടായാൽ ഈയുള്ളവൻ അനുഗ്രഹീതനായി.

ഇത്രയും പറഞ്ഞു സുകുമാരൻ മീനാക്ഷിയുടെ മുഖത്തേക്കൊന്നു നോക്കി. അവരിരുവരുടേയും ദൃഷ്ടികൾ തമ്മിൽ കൂട്ടിമുട്ടി. ലജ്ജാപരവശയായി മീനാക്ഷി പെട്ടെന്നു തല താഴ്ത്തി ഇരുന്നു. അല്പനേരം കഴിഞ്ഞിട്ടു,

മീനാക്ഷി—ഭവാന്റെ സ്വദേശം?

SEN GUPTA MEMORIAL
PUTHIYARA.
READING ROOM & LIBRARY

സുകുമാരൻ—മട്ടാഞ്ചേരി.

മീനാക്ഷി—ജാതിയിൽ

സുകുമാരൻ—ഈഴവൻ.

മീനാക്ഷി—ഭവാൻ ഇവിടെ വന്ന കാരണം?

സുകുമാരൻ—കമ്പനിയിൽ ഒരുദ്യോഗംമൂലം വന്നതാണ്.

സുകുമാരൻ ജാതിയിൽ ഈഴവനാണെന്നറിഞ്ഞപ്പോൾ മീനാക്ഷിക്കു അല്പം കുണ്ഠിതം തോന്നി. അവളുടെ നിർമ്മലമായ അനുരാഗത്തിനു കളങ്കം ഭവിച്ചിട്ടല്ല കുണ്ഠിതം തോന്നിയതു; തങ്ങളുടെ അനുരാഗനിവൃത്തിക്കു വല്ല വിഘ്നങ്ങളും നേരിട്ടേക്കുമോ എന്നു ഭയന്നിട്ടുമാത്രമായിരുന്നു. കുലവനിതകളുടെ നിർമ്മലാനുരാഗമുണ്ടോ 'ജാതിപ്പിശാചി'ന്റെ കൂത്താട്ടത്തിനു കീഴടങ്ങുന്നു!

ഓരോന്നു പറഞ്ഞു നേരം അതിക്രമിച്ചപ്പോൾ സുകുമാരൻ സംഭാഷണവും നിർത്തി ഉറങ്ങുവാനായി അവന്റെ മുറിയിലേക്കു പോയി.

* * * * * * *

നേരം പുലർന്നു. സുകുമാരനും മീനാക്ഷിയും പ്രഭാതകൃത്യങ്ങളെല്ലാം കഴിച്ച്, കാപ്പിയും കുടികഴിഞ്ഞു, വീട്ടിന്റെ പൂമുഖത്തുള്ള കസാലകളിന്മേൽ ഇരുന്നു ഓരോ വർത്തമാനം പറഞ്ഞുകൊണ്ടിരിക്കുന്നു. അപ്പോൾ ഒരാൾ പടികടന്നു അവർക്കഭിമുഖമായി വന്നു. ആ ആൾ മീനാക്ഷിയെ കണ്ടപ്പോൾ സന്തോഷംകൊണ്ടു പുഞ്ചിരി തൂകി. അയാൾ മീനാക്ഷിയെ അന്വേഷിക്കാനായി കോട്ടയിൽനിന്നും നിയുക്തനായിരുന്നവനാണ്. മീനാക്ഷിക്കും അ

യാളെ കണ്ടപ്പോൾ വളരെ സന്തോഷമായി. അവർ എല്ലാവരും കോട്ടയിലെ വർത്തമാനങ്ങൾ പറഞ്ഞു കുറെനേരം അവിടെതന്നെ ഇരുന്നു. തന്നെ കാണാതെ തന്റെ അമ്മ വല്ലാതെ വ്യസനിച്ചിരിക്കയാണെന്നു ഓർത്തു മീനാക്ഷിക്കു വ്യസനമുണ്ടായി. തന്മൂലം ഉടനെതന്നെ സുകുമാരനും മീനാക്ഷിയും വന്ന ആളുംകൂടി കോട്ടയിലേക്കു പുറപ്പെട്ടു.

കോട്ടയിലുള്ളവരെല്ലാം വ്യസനിച്ചു കരഞ്ഞുകൊണ്ടിരിക്കുന്നു. കല്യാണിഅമ്മക്കു ചിലപ്പോഴെല്ലാം ബോധക്ഷയം വരുന്നുണ്ട്. ഇങ്ങിനെ എല്ലാവരും വ്യസനാക്രാന്തരായിരിക്കുമ്പോളാണ് സുകുമാരനും മീനാക്ഷിയും ഒരുമിച്ചു അവിടേക്കു കയറിച്ചെന്നതു. കല്യാണിഅമ്മക്കും കരുണാകരൻനായർക്കും മറ്റും മീനാക്ഷിയെ പെട്ടെന്നു കണ്ടപ്പോളുണ്ടായ സന്തോഷം എന്തായിരിക്കുമെന്നു വായനക്കാർതന്നെ ഊഹിച്ചുനോക്കട്ടെ! സന്തോഷാധിക്യത്താൽ കല്യാണിഅമ്മക്കു കുറെ നേരത്തേക്കു ഒരു വാക്കു പോലും ഉച്ചരിക്കുവാൻ സാധിച്ചില്ല. അവിടെ ആകപ്പാടെ ഒരു സന്തോഷകോലാഹലംതന്നെ!

മീനാക്ഷിയെ രക്ഷിച്ചതു സുകുമാരനാണെന്നറിഞ്ഞപ്പോൾ കല്യാണിഅമ്മക്കും മറ്റും സുകുമാരനോടുണ്ടായ സ്നേഹവും സന്തോഷവും അതിരററതായിരുന്നു. അവർ സുകുമാരനോടുള്ള കൃതജ്ഞത പ്രകടിപ്പിക്കുവാൻ തക്ക വാക്കുകൾ കിട്ടാതെ കുഴങ്ങി. കല്യാണിഅമ്മ സുകുമാരനു കാപ്പിയും പലഹാരവും കൊടുത്തു ഓരോ വർത്തമാനങ്ങളും പറഞ്ഞു കുറെ നേരം ഇരുന്നു. പിന്നീടു യാത്ര

പറഞ്ഞു പിരിയാറായപ്പോൾ സുകുമാരനും മീനാക്ഷിക്കും അവരുടെ കണ്ണുകളിൽ വെള്ളം നിറഞ്ഞു. മീനാക്ഷി സുകുമാരനോടു തന്നെ മറക്കരുതെന്നും, ഇടക്കിടക്കു അവിടെ വരേണമെന്നും പ്രത്യേകം അപേക്ഷിച്ചു. കല്യാണിഅമ്മയും കാരണവരും സുകുമാരനോടു വളരെ വാത്സല്യം പ്രദർശിപ്പിക്കയും അയാളോടു അവിടെ ഇടക്കിടക്കു വരണമെന്നും, തങ്ങളുടെ ഓമനയുടെ ജീവനെ രക്ഷിച്ചു സ്ഥിതിക്കു കോട്ടയിൽവീടു തന്റെ സ്വന്തമെന്ന നിലയിൽ കരുതുന്നതിന്നു വിരോധമില്ല എന്നും പറയാതിരുന്നില്ല. സുകുമാരനാകട്ടെ മീനാക്ഷിയെ വിട്ടുപിരിയുന്നതിലുള്ള വ്യസനാധിക്യത്താൽ ഒന്നിന്നും മറുപടി പറയാൻ ശക്തനായില്ല. അടുത്തുതന്നെ വരാമെന്നും പറഞ്ഞു ആ യുവാവു തന്റെ വീട്ടിലേക്കു മടങ്ങി.

---

## III.

"കരിക്കട്ടയല്ല രാഗം, കരുട്ടുകല്ലല്ല രാഗം
കനലിൽ കാച്ചിയ തനിക്കനകമുള്ളം."

സുകുമാരൻ ഇടക്കിടക്കു കോട്ടയിൽ പോയ്ക്കൊണ്ടിരുന്നു. കല്യാണിഅമ്മക്കും കരുണാകരൻനായർക്കും സുകുമാരന്റെ സ്വഭാവഗുണവും മറ്റും കണ്ടിട്ടു അയാളിൽ സ്നേഹം വർദ്ധിച്ചുവന്നു. മീനാക്ഷിയാകട്ടെ സുകുമാരന്റെ ദർശനമാത്രയിൽതന്നെ ആനന്ദസാഗരത്തിൽ മുങ്ങിക്കഴിയും. മീനാക്ഷിയും സുകുമാരനും തമ്മിൽ ഓരോ വർത്തമാനങ്ങളും പറഞ്ഞുകൊണ്ടിരിക്കുന്നതിൽ കല്യാണിഅമ്മ

ക്കു കുട്ടം നിരസം തോന്നിയിരുന്നില്ല. മീനാക്ഷിയുടെ ജീവനെ രക്ഷിച്ച സുകുമാരനെ കോട്ടയിലെ ഒരംഗമെന്ന നിലയിലാണു കല്യാണിഅമ്മയും മററും ഗണിച്ചുപോന്നതു. അതിനാൽ മീനാക്ഷീസുകുമാരന്മാൎക്കു തങ്ങളുടെ സരസസല്ലാപങ്ങൾക്കും വിനോദങ്ങൾക്കും ഒരു വിഘ്നവും നേരിടുകയില്ലെന്നു അവർ ദൃഢമായിഉറച്ചു. തന്മൂലം അവരുടെ മനസ്സിൽ വേരൂന്നികിടന്നിരുന്ന അനുരാഗച്ചെടിക്കു നല്ല വളം കൊടുത്തു പോഷിപ്പിക്കുന്നതിന്നു അവൎക്കു സാധിച്ചു. നിൎമ്മലമായ അനുരാഗമേ! നീ സൎവ്വോൽക്കൎഷേണ വിജയിച്ചാലും!!

ഒരു ദിവസം മീനാക്ഷിയും സുകുമാരനുംകൂടി മുൻഅദ്ധ്യായത്തിൽ പ്രസ്താവിച്ചിരുന്ന ആ പൂന്തോട്ടത്തിൽ ഇരുന്നു ഓരോ വൎത്തമാനങ്ങൾ പറകയായിരുന്നു. സംഭാഷണമദ്ധ്യേ സുകുമാരൻ ഇങ്ങിനെ പറഞ്ഞു:—

സുകുമാരൻ— ഞാൻ അടുത്ത തിങ്കളാഴ്ച അവധി എടുത്തു സ്വരാജ്യത്തേക്കു പോകുകയാണ്. രണ്ടാഴ്ച കഴിഞ്ഞിട്ടു മടങ്ങിവരികയുള്ളു.

മീനാക്ഷി—എന്താവശ്യത്തിന്നാണ് ഇപ്പോൾ പ്രത്യേകിച്ചു പോകുന്നതു? അഥവാ പോകണമെന്നുണ്ടെങ്കിൽ തന്നെ സ്വല്പദിവസത്തെ അവധി പോരെയോ?

സുകുമാരൻ—നാട്ടിൽനിന്നു പോന്നിട്ടു കുറെ നാളായില്ലേ? ഇവിടെ ഏകനായി താമസിക്കുന്നതിൽ യാതൊരു സന്തോഷവുമില്ല. വീട്ടിൽചെന്നു സ്വന്തജനങ്ങളുമായി കുറച്ചുനാളെങ്കിലും സുഖമായിരിക്കാമെന്നു കരുതി പോകുകയാണ്.

മീനാക്ഷി — ഏകനായി താമസിക്കേണ്ടിവരുമെന്നു കരുതിയല്ലേ ഇവിടേക്കു പോന്നതു? കലശലില്ലാതെ ഒറ്റെക്കു താമസിക്കുന്നതല്ലേ സുഖപ്രദം?

സുകുമാരൻ — നാട്ടിൽനിന്നു പോരുമ്പോൾ ഏകനായി താമസിക്കേണ്ടിവരുമെന്നു കരുതിയിരുന്നു. പക്ഷെ ആരെയെങ്കിലും കൂട്ടുകിട്ടുമെന്നും ഉദ്ദേശമുണ്ടായിരുന്നു. എന്റെ സുഖദുഃഖങ്ങളിൽ പങ്കു കൊള്ളുന്നതിന്നു ഒരാൾ കൂടി ഉണ്ടാകുന്നതാണു് ഒററക്കു താമസിക്കുന്നതിലും അധികം സുഖപ്രദമായിട്ടു എനിക്കു തോന്നുന്നതു. ഇപ്പോൾ എനിക്കു ഇവിടെ തനിച്ചു താമസിക്കുന്നതിൽ വലിയ അസ്വാസ്ഥ്യം തോന്നുന്നു.

മീനാക്ഷി — അതുകൊണ്ടു പോകണമെന്നുണ്ടോ?

സുകുമാരൻ — ആ കാൎയ്യം ഞാൻതന്നെ തീൎച്ചയാക്കിയാൽ പോരാ. ഭവതിയുടെ ശ്രദ്ധയാണു് അതിൽ പ്രത്യേകം പതിയേണ്ടതു.

മീനാക്ഷി വിഷമഘട്ടത്തിലായി. ഹൃദയവല്ലഭനായ സുകുമാരനോടു തന്റെ ഹൃദയം തുറന്നു കാണിക്കുവാൻ നിവൃത്തിയില്ലല്ലോ, എന്നു കരുതി ആ സാധ്വി വ്യസനിച്ചു. തനിക്കുള്ള അനുരാഗം എങ്ങിനെയാണു് സുകുമാരനോടു തുറന്നുപറയേണ്ടതെന്നു ആ യുവതിരത്നത്തിന്നു ലജ്ജാമൂലം സാധിക്കുന്നില്ല. ആ ഭവതി ലജ്ജാധീനയായി കുറെനേരം മൌനമായിരുന്നു.

സുകുമാരൻ — നേരം അധികമാകുന്നു. ഭവതി ഒന്നും മിണ്ടുന്നില്ല. ഞാൻ പോകട്ടെ! ഇനി മടങ്ങിവന്നിട്ടു കാണാം.

സുകുമാരന്റെ ഈ വാക്കുകൾ കേട്ടപ്പോൾ മീനാക്ഷിക്കു സഹിക്കവഹിയാത്ത വ്യസനമുണ്ടായി. അടക്കിയാൽ അടങ്ങാത്ത വ്യസനംമൂലം അവൾ തൊണ്ടയിടറിക്കൊണ്ടു ഇങ്ങിനെ പറഞ്ഞു:—

പ്രാണനാഥ! ഞാൻ അങ്ങയെ കണ്ട ആ ക്ഷണത്തിൽതന്നെ എന്റെ ഹൃദയത്തിൽ അനുരാഗം വേരൂന്നിയിരിക്കുന്നു. ഭവാൻ എന്നെ രക്ഷിച്ചതും മറ്റും ഓക്കുമ്പോൾ അതു ഒരു ദൈവികശക്തിയുടെ പ്രേരണയാലാണെന്നാണു് എനിക്കു തോന്നുന്നതു. എന്റെ അനുരാഗം പരിശുദ്ധവും നിശ്ചലവുമായിട്ടുള്ളതാണു്. ഈ വാസ്തവസംഗതി ഭവാനെ ഇതിന്നുമുമ്പു വ്യക്തമായി അറിയിക്കുവാൻ ലജ്ജ എന്നെ സമ്മതിച്ചില്ല. അതുകൊണ്ടു ഞാൻ കൃതഘ്നയാണെന്നു ഭവാൻ തെറ്റിദ്ധരിക്കരുതു.

സുകുമാരൻ — പ്രാണപ്രിയെ! എനിക്കു ഭവതിയോടുള്ള അനുരാഗം എത്ര ശക്തിയായിട്ടുള്ളതാണെന്നു ദൈവത്തിന്നുമാത്രമേ അറിഞ്ഞുകൂടു. ഭവതിയാണെങ്കിലോ നായർസമുദായത്തിൽ ജനിച്ചവൾ. ഞാനോ ഈഴവസമുദായത്തിൽ പെട്ടവൻ! ഭവതിക്കു എന്നോടു സ്നേഹമുണ്ടായാലും എന്നെ വിവാഹം ചെയ്വാൻ മനസ്സുണ്ടാകയില്ലെന്നു കരുതിയിട്ടാണു് ഞാൻ ഇതേവരെ അതിനെപ്പറ്റി ഒന്നും ഭവതിയോടു പ്രസ്താവിക്കാതിരുന്നതു. ഭവതി 'ജാതി'യെ അത്ര വക വെക്കുന്നതല്ലെന്നു അറിയുന്നതിൽ സന്തോഷിക്കുന്നു.

മീനാക്ഷി — ഇത്ര നാളായിട്ടും അങ്ങു എന്റെ യഥാർത്ഥ

മനസ്ഥിതി അറിഞ്ഞില്ലല്ലോ എന്ന ഒരു ഖേദം മാത്രമാണ് എനിക്കുള്ളതു. ചിലർ അങ്ങയെ അധഃകൃതനെന്നു ഗണിച്ചാലും ഞാൻ അങ്ങിനെ ഗണിച്ചിട്ടില്ല; ഗണിക്കുന്നതുമല്ല. മഹാ കവി വള്ളത്തോളിന്റെ

"ഈ നമ്മളെല്ലാമൊരു തമ്പുരാന്റെ
കീഴാളർ, ആർ, ആർക്കിഹ തമ്പുരാനാം?"

എന്ന മഹാവാക്യമാണ് എനിക്കാദർശം. എന്നെ എന്റെ വീട്ടുകാർ ഉപേക്ഷിച്ചാലും എന്റെ സമുദായം ബഹിഷ്കരിച്ചാലും ഞാൻ അങ്ങയെ വിട്ടുപിരിയുന്നതല്ല. അങ്ങു എന്റെ പ്രാണപ്രിയനും, ജീവനെ രക്ഷിച്ച ദൈവത്തനുമാണ്. അങ്ങയുടെ പ്രത്യുപകാരത്തിന്നു തക്ക പ്രതിഫലം തരാൻ ഈയുള്ളവൾ അപ്രാപ്തയാണ്. എങ്കിലും കൃതഘ്നതാ എന്ന ദോഷം പരിഹരിക്കുവാൻവേണ്ടിമാത്രം ഞാൻ എന്റെ ദേഹത്തെ അങ്ങയുടെ പാദത്തികൽ സമർപ്പിച്ചിരിക്കുന്നു. ദയവു ചെയ്തു ഈ എളിയ പ്രതിഫലത്തെ സ്വീകരിച്ചു എന്നെ അനുഗ്രഹിച്ചാലും!

സുകുമാരൻ—പ്രാണപ്രിയേ! ഭവതി എന്നെ ഭാഗ്യവാനാക്കി. ഭവതിയുടെ അനുരാഗദാർഢ്യവും മഹാമനസ്കതയും പ്രശംസനീയംതന്നെ! ലോകം ഉത്തരോത്തരം അഭിവൃദ്ധിപ്പെട്ടുവരുന്ന ഈ കാലത്തു സമുദായബഹിഷ്കരണത്തെ അത്ര വിലവെക്കാനൊന്നുമില്ല. നായർസമുദായത്തിൽ ഭവതിക്കു ഇപ്പോഴുള്ള മാന്യസ്ഥാനം വിവാഹം കഴിഞ്ഞിട്ടും ലഭിക്കാത്തപക്ഷം ഭവതിക്കു ഈഴവസമുദായത്തിൽ ഉത്തമസ്ഥാനം ഞങ്ങളു

ടെസമുദായംതരുവാൻ ഒരുക്കമായിരിക്കും. ഭവതി ശ്രീനാരായണഗുരുസ്വാമികളുടെ മഹാ സന്ദേശങ്ങളെ കുറിച്ചു അറിഞ്ഞിട്ടുണ്ടല്ലോ. ആ പരമഹംസൻെറ ദിവ്യസന്ദേശരശ്മികൾ തട്ടി ഉണൎന്നിരിക്കുന്ന ഈഴവസമുദായം ഭാരതത്തിന്നു ഒരു മാതൃകയായി തീരുവാനാണ് പോകുന്നതു. ആ ദിവ്യാത്മാവിൻെറ ഉപദേശപ്രകാരം ഏതു ജാതിയിലും മതത്തിലും പെട്ടവൎക്കും ഈഴവസമുദായത്തിൽ ചേരുന്നതിന്നും, സമുദായത്തിലെ സകലവിധ സ്വാതന്ത്ര്യങ്ങളും അനുഭവിച്ചു മാന്യനിലയിൽ പെരുമാറുന്നതിന്നും വിരോധമില്ലാതായിതീൎന്നിട്ടുണ്ട്. കോഴിക്കോട്ടേയും തിരുവിതാംകൂറിലേയും ജന്മനീഴവദമ്പതിമാരേയും "അനന്തലക്ഷ്മി"മാരേയും മററും പററി ഭവതിയും കേട്ടിരിക്കുമെന്നു വിശ്വസിക്കുന്നു.

ഇതുപോലെ പല മാന്യസ്ത്രീകളേയും ഇപ്പോൾ ഞങ്ങളുടെ സമുദായാംഗങ്ങൾ സ്വീകരിച്ചു മാതൃകാജീവിതം നയിച്ചുവരുന്നതു ഭവതിക്കും ആശ്വാസപ്രദമായിരിക്കുമല്ലോ.

മീനാക്ഷി — ഈഴവസമുദായത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന പരിഷ്കാരങ്ങൾ ഞാൻ പത്രങ്ങൾവഴി അറിഞ്ഞു സന്തോഷിക്കുന്നുണ്ട്. സാമുദായികകാൎയ്യങ്ങളിൽ നായർസമുദായവും വേഗത്തിൽ ഈഴവസമുദായത്തെ അനുകരിച്ചു പരിഷ്കൃതമാക്കുവാൻ ഒരുക്കങ്ങൾ ചെയ്തുവരുന്നതു നിങ്ങൾക്കു അഭിമാനകരമാണല്ലോ. എനിക്കു മതമോ ജാതിയോ ഏതായാലും വിരോധ

മില്ല; ഉത്തമമമായ ഒരു ജീവിതം നയിക്കാൻ സൌകൎയ്യം വേണം.

സുകുമാരൻ—ജാതിയും മതവും ഒന്നും ഗണ്യമാക്കാതെ അനുരാഗമുള്ള സ്ത്രീപുരുഷന്മാർ തമ്മിൽ വിവാഹം നടത്തുന്നതിന്നു വിരോധമില്ലാതായിത്തീരണം. അതിന്നു സാമുദായികനിബന്ധനകൾ തടസ്ഥമാകരുതു. ലോകമൊട്ടുക്കു അങ്ങിനെ ഒരു നില വരുത്തണമെന്നാണു് സ്വാമികളുടെ ആദൎശം. അതിന്റെ ഒരു പ്രാരംഭപ്രവൃത്തിയായിട്ടാണു് ഈഴവസമുദായത്തിൽ പരിശ്രമം തുടങ്ങിയതു. എല്ലാം ജാതിക്കാരും ഇങ്ങിനെ തങ്ങളുടെ സമുദായങ്ങളിലേക്കു എല്ലാവരേയും സ്വീകരിക്കാമെന്നു വന്നാൽ ജാതിവ്യത്യാസവും മതകലഹങ്ങളും നമ്മുടെ നാട്ടിൽനിന്നും പമ്പകടക്കും. ഭാരതം സ്വൎഗ്ഗതുല്യമാകയും ചെയ്യും.

സംഭാഷണം ഇത്രയുമായപ്പോഴെക്കും സന്ധ്യയായതോടുകൂടി അവരിരുവരും അന്യോന്യം ആലിംഗനം ചെയ്തു പ്രേമസൂചകമായ ഓരോ ചുംബനം നൽകി സ്വഗൃഹങ്ങളിലേക്കു തിരിച്ചു.

---

## IV.

"മന്ദമൎത്ത്യ! നീ തടുക്കാവതല്ലയീശേഷ
സുന്ദരമാമിസ്സമാഗമങ്ങൾ"

കരുണാകരൻനായർ ഒരു ദിവസം ഉച്ചക്കു ഊണും

കഴിഞ്ഞു പൂമുകസേലയിൽ കിടക്കുകയായിരുന്നു. അരികെ കല്യാണിഅമ്മയും ഉണ്ടായിരുന്നു.

കരുണാകരൻനായർ — കല്യാണി! നമ്മുടെ മീനാക്ഷിയെ വിവാഹം കഴിക്കുവാനായി പലരും ആലോചിക്കുന്നുണ്ട്. പക്ഷെ അതിനൊന്നിനും ഞാൻ അനുകൂലിച്ചിട്ടില്ല. ഇന്നുകാലത്തു മാധവൻനായർ എന്നെ കാണുകയുണ്ടായി. അദ്ദേഹത്തിൻെറ മകൻ ശിവരാമനു മീനാക്ഷിയെ വിവാഹം ചെയ്യാൻ കൊള്ളാമെന്നുണ്ട്. ഇയ്യിടെയാണ് ശിവരാമൻ എം. എ. പാസ്സായതു. അയാൾക്കു അടുത്തദിവസം മദിരാശിയിൽ ഉദ്യോഗം ലഭിച്ചിട്ടുമുണ്ട്. കല്യാണിയുടെ ഇഷ്ടമെന്തിനെയാണ്?

കല്യാണി — വലിയേട്ടൻെറ ഇഷ്ടത്തിൽ കവിഞ്ഞ ഒരഭിപ്രായം എനിക്കില്ല. ശിവരാമനെ വിവാഹം ചെയ്യുന്നതിൽ മീനാക്ഷിക്കു സമ്മതമുണ്ടോ എന്നു അറിഞ്ഞില്ല. അവളുടെ അഭിപ്രായമാണല്ലോ അറിയേണ്ടതു.

കരുണാകരൻ — അതുതന്നെയാണ് ഞാൻ പറവാൻ ആലോചിച്ചിരിക്കുന്നതു. ശിവരാമനെ അവൾക്കു ബോധിക്കുമോ എന്തോ. കാലംപോയപോക്ക് നാമെന്തറിഞ്ഞു? കല്യാണി! നീ അവളുടെ അഭിപ്രായം സാവധാനത്തിൽ അറിഞ്ഞുവരണം.

* * * * * * *

ശിവരാമനെ പററി അറിവാൻ വായനക്കാൎക്കു ആഗ്രഹമുണ്ടായിരിക്കുമല്ലോ. അയാൾ സ്ഥലത്തെ ജന്മിയും

പ്രമാണിയുമായ മാധവൻനായരുടെ മൂത്തമകനാണ്. ശിവരാമൻ പഠിപ്പിൽ ജാഗ്രതയുള്ളവനായിരുന്നതുകൊണ്ടു പരാജയമൊന്നും സംഭവിക്കാതെ എം. എ. പരീക്ഷ പാസ്സായി. മദിരാശിയിൽ 200 ക. ശമ്പളത്തിൽ ഒരു പ്രഫസർ ഉദ്യോഗം ഇയ്യിടെ ലഭിച്ചിട്ടുണ്ട്. മാതാപിതാക്കന്മാരെ കാണുന്നതിന്നുവേണ്ടി ഇപ്പോൾ അയാൾ ഒരു മാസത്തെ അവധിയുമെടുത്തു നാട്ടിൽ വന്നിരിക്കയാണ്.

* * * * * * *

കല്യാണിഅമ്മ ശിവരാമനെ പററിയുള്ള മീനാക്ഷിയുടെ അഭിപ്രായം അറിവാനായി അവളുടെ അരികെ വന്നിരുന്നു. അപ്പോൾ അവൾ ഒരു പുസ്തകം വായിക്കുകയായിരുന്നു. അമ്മ അരികത്തു വന്ന ഉടനെ അവൾ പുസ്തകം മടക്കിവെച്ചു.

മീനാക്ഷി:— എന്തായിരുന്നു അമ്മാവനും അമ്മയുമായി ഇത്രനേരം സംസാരിച്ചിരുന്നതു?

കല്യാണി:— വിശേഷിച്ചൊന്നുമല്ല. മാധവൻനായരുടെ മകനെപററി ഓരോന്നു പറഞ്ഞിരുന്നു.

മീനാക്ഷി:— ശിവരാമനെ പററിയോ?

കല്യാണി:— അതെ.

മീനാക്ഷി:— എന്താണ് ശിവരാമനെപററി ഇത്ര വളരെ നേരം സംസാരിക്കാൻ സംഗതി?

കല്യാണി— ശിവരാമൻ എം. എ. പാസായിരിക്കുന്നു. അവന്നു നിന്നെ വിവാഹം ചെയ്തു കൊടുക്കണമെന്നു മാധവൻനായർ ആവശ്യപ്പെടുകയുണ്ടായി. അതിനെ പററിയാണ് ഞാനും അമ്മാവനും കൂടി ഓരോന്നു പ

റഞ്ഞുകൊണ്ടിരുന്നതു. അമ്മാവൻ നിൻെറ അഭിപ്രായം അറിവാൻ എന്നെ ഏല്പിച്ചിരിക്കയാണ്.

ഇത്രയും കേട്ട ഉടനെ മീനാക്ഷി പെട്ടെന്നു സ്വപ്നത്തിൽനിന്നും ഞെട്ടി ഉണരുന്നതുപോലെ എണീററു വ്യസനഭാവത്തോടുകൂടി അമ്മയെ കണ്ണു നോക്കി.

മീനാക്ഷി—എനിക്കു ശിവരാമനെ വിവാഹം ചെയ്യാൻ ഇഷ്ടമില്ല.

കല്യാണി—എന്തു! ശിവരാമനെ വേണ്ടെന്നോ? സമ്പൽസമൃദ്ധികൊണ്ടും യശസ്സുകൊണ്ടും സൌന്ദര്യം കൊണ്ടും യോഗ്യനായ ആ യുവാവിനെ നിനക്കു ആവശ്യമില്ലെന്നോ? അമ്മാവൻ ഇതു കേട്ടാൽ എത്ര ദേഷ്യപ്പെടും!

മീനാക്ഷി—എനിക്കിഷ്ടമില്ലാത്ത ഒരാളിനെ വിവാഹം ചെയ്യാൻ അമ്മാവനും അമ്മയും നിർബ്ബന്ധിക്കുമെന്നു ഞാനറിഞ്ഞില്ല. ഇതിനാണോ സർവ്വേശ്വരൻ എന്നെ പുഴയിൽകൂടി ഒഴുകി പോയിട്ടും രക്ഷപ്പെടുത്തിയതു! അന്നു ആ പുഴയിൽ വീണപ്പോൾ ചത്തുപോയെങ്കിൽ ഇപ്പോൾ ഈ ദുഃഖമൊന്നും അനുഭവിക്കേണ്ടി വരികയില്ലായിരുന്നു. ദൈവമേ! ഇങ്ങിനെയോ എൻെറ വിധി!

കല്യാണി—മകളേ! നീ എന്താണ് പറയുന്നതു? എനിക്കൊന്നും മനസ്സിലാവുന്നില്ല. ശിവരാമന്നു എന്താണ് ഇത്രവലിയ ദോഷം?

മീനാക്ഷി—ദോഷം വല്ലതും ഉണ്ടോ എന്നെനിക്കറിഞ്ഞുകൂടാ. എനിക്കയാളെ വിവാഹം ചെയ്യാൻ ഇഷ്ടമില്ല.

കല്യാണി—പിന്നെ നിനക്കു ആരെയാണു് വിവാഹം ചെയ്യാൻ ഇഷ്ടം?

മീനാക്ഷി—സുകുമാരനെയാണു് ഞാൻ സ്നേഹിക്കുന്നതു. അദ്ദേഹത്തെയല്ലാതെ ഞാൻ വേറെ ആരെയും ഭർത്താവായി സ്വീകരിക്കുന്നതല്ല. അതിന്നു എന്നെ അനുവദിക്കാത്തപക്ഷം എനിക്കു വിവാഹമേ വേണ്ട. ഞാൻ സന്ന്യസിച്ചുകൊള്ളാം.

കല്യാണി—എന്താ മകൾക്കു വല്ല സുഖക്കേടുമുണ്ടോ? സുകുമാരൻ ഈഴവനല്ലേ. എന്തു തന്നെയായാലും ഒരീഴവൻ നമ്മുടെ സമുദായത്തിൽ നിന്നും വിവാഹം ചെയ്തുകേട്ടിട്ടുണ്ടോ? ആളുകൾ എന്തു പറയും.

മീനാക്ഷി—ആളുകൾ പലതും പറയും.

കല്യാണി—സുകുമാരൻ എല്ലാംകൊണ്ടും നല്ല ഒരുത്തനാണു്. സ്വഭാവവും നന്നു്. നിൻെറ ജീവനെ രക്ഷിച്ചവനുമാണു്. പക്ഷെ അവൻ ജാതിയിൽ ഈഴവനല്ലേ? നമ്മുടെ നാട്ടിൽ ഇങ്ങിനെ പതിവുണ്ടോ?

മീനാക്ഷി—അമ്മ ഒന്നാംതരം കാര്യമാണു് പറഞ്ഞതു! ഇതിന്നുമുമ്പു നടന്ന മാതിരിയിൽ തന്നെയാണോ നമ്മുടെ തറവാട്ടിൽ നടന്നു വരുന്നതു? നമ്മുടെ തറവാട്ടിൽ ആരെങ്കിലും ഒരീഴവനാൽ പുഴയിൽനിന്നു രക്ഷിക്കപ്പെടുകയും അവരുടെ ഭക്ഷണം കഴിച്ചു അവരുടെ വീട്ടിൽ താമസിക്കയും ചെയ്കയുണ്ടായിട്ടുണ്ടോ? ജാതിഭ്രഷ്ടു് കല്പിക്കണമെങ്കിൽ ആ ഒരു സംഭവം മാത്രം മതിയല്ലോ.

കൂടാതെ എൻെറ ജീവനെ രക്ഷിച്ച സുകുമാരനോട എനിക്ക വളരെ സ്നേഹമുണ്ട. അദ്ദേഹത്തിനും എന്നോ വളരെ സ്നേഹമാണ്. അങ്ങിനെ ഞങ്ങളിരുപേക്കും സ്നേഹമുള്ള സ്ഥിതിക്കും എൻെറ ജീവനെ രക്ഷിച്ച നിലക്കും എനിക്ക അദ്ദേഹത്തെയല്ലാതെ വേറെ ഒരാളേയും ഭർത്താവായി ആവശ്യമില്ല. "ജാതി മാത്രാപരാധത്താൽ" ഉത്തമമായ ദാമ്പത്യജീവിതം കളങ്കപ്പെടുത്തുന്നതു പാപവും കഷ്ടവുമായിട്ടുള്ളതാണെന്നാണ് എൻെറ അഭിപ്രായം. തന്മൂലം എൻെറ അഭീഷ്ടത്തെ സാധിപ്പിക്കുന്നതിനു അമ്മയും അമ്മാവനും അനുവദിക്കുന്നതല്ലെങ്കിൽ എൻെറ ജീവിതം അധികകാലം നില നില്ക്കുന്നതല്ല. അതിനു നിങ്ങൾ ഇട വരുത്തരുതെന്നു സ്നേഹപൂർവ്വം അപേക്ഷിച്ചുകൊള്ളുന്നു.

കല്യാണിഅമ്മ എന്തു മറുപടി പറയേണ്ടു എന്നറിയാതെ വളരെ നേരം അമ്പരന്നു നിന്നുപോയി......കുറെ നേരം കഴിഞ്ഞിട്ടും കല്യാണിഅമ്മ മടങ്ങിചെന്നു കാണാഞ്ഞയാൽ കരുണാകരൻനായർ മീനാക്ഷിയുടെ മുറിയിലേക്ക വന്നു. അപ്പോൾ മീനാക്ഷിയുടേയും കല്യാണിഅമ്മയുടേയും മുഖത്തു വ്യസനഭാവമാണ് കാണ്മാനിടയായതു. സംഗതി മനസ്സിലാകാഞ്ഞയാൽ കരുണാകരൻനായർ കല്യാണിഅമ്മയോട "എന്താ മീനാക്ഷി വ്യസനിച്ചിരിക്കുന്നു"തെന്നു 'ചോദിച്ചു. കല്യാണിഅമ്മക്ക മീനാക്ഷിയുടെ അഭിപ്രായം പറയുവാൻ വ്യസനവും ഭയവുംമൂലം കുറെ നേരത്തേക്ക സാധിച്ചില്ല. ഇതു കണ്ടപ്പോൾ എന്തോ ആപത്തു പിണഞ്ഞിട്ടുണ്ടെന്നു കരുതി

കരുണാകരൻനായക്കു പരിഭ്രമമായി. 'വീണ്ടും അയാൾ കല്യാണിഅമ്മയോടു വിവരം ചോദിച്ചു.

കല്യാണി—മീനാക്ഷിക്കു ശിവരാമനെ വിവാഹം ചെയ്യാൻ ഇഷ്ടമില്ലെന്നാണ് പറയുന്നതു. ഈ വിവാഹത്തിലും ഭേദം പുഴയിൽ പോയപ്പോൾ മരിച്ചില്ലല്ലോ എന്നു പറഞ്ഞാണ് അവൾ കരയുന്നതു.

കരുണാകരൻ—അതിനെന്തിനാണ് കരയുന്നതു? അവൾക്കു ശിവരാമനെ ഇഷ്ടമില്ലെങ്കിൽ വേണ്ട. വേറെ ആരെയാണ് അവൾ ഇഷ്ടപ്പെടുന്നതെങ്കിൽ അയാളെ വിവാഹം ചെയ്യാമല്ലോ. എൻെറ മീനാക്ഷിയുടെ ഇഷ്ടത്തിന്നെതിരായി ഞാനൊന്നും ചെയ്യുന്നതല്ല. അവൾക്കാരെയാണ് ഇഷ്ടം?

കല്യണി—അവളുടെ ജീവനെ രക്ഷിച്ച സുകുമാരനെയല്ലാതെ വേറെ ആരെയും അവൾ ഭർത്താവായി സ്വീകരിക്കുന്നതല്ലത്രേ! അതിന്നു അമ്മാവന്നു സമ്മതമില്ലെങ്കിൽ അവൾക്കു വിവാഹമേ വേണ്ടപോൽ!

ഇതു കേട്ടപ്പോൾ കരുണാകരൻനായരുടെ സപ്തധാതുക്കളും പെട്ടെന്നു തളർന്നുപോയി. കരുണാകരൻനായക്കു മീനാക്ഷിയെ സുകുമാരന്നു വിവാഹം ചെയ്തുകൊടുക്കുന്ന കാൎയ്യത്തെക്കുറിച്ചു പെട്ടെന്നു ഒരുത്തരവും പറവാൻ തോന്നിയില്ല. ജനക്ഷോഭവും അപവാദവും ഒരു ഭാഗത്തും, വാത്സല്യഭാജനമായ മീനാക്ഷിയുടെ കഠിനമായ വ്യസനവും അവളുടെ ഇഷ്ടത്തിന്നെതിരായി പ്രവൎത്തിപ്പാനുള്ള അധൈൎയ്യവും മറുഭാഗത്തുമായി കരുണാകരൻനായരുടെ മനസ്സിൽ കിടന്നു ഒരു വലിയ പോരാട്ടം

നടന്നു. അതിൽ ഭാഗ്യവശാൽ 'കട്ടവിലെത്തത്തു താൻ ജയിച്ചു.'

കരുണാകരൻ—(മീനാക്ഷിയോട്) നീ കരയേണ്ട! നിൻെറ അഭീഷ്ടംപോലെയെല്ലാം നടത്തിത്തരാം. ജനാപവാദം ഉണ്ടാകും. അതെല്ലാം നിനക്കുവേണ്ടി സഹിക്കാൻതന്നെ ഞാൻ തീച്ചയാക്കിക്കഴിഞ്ഞു. മീനാക്ഷിയുടെ മുഖത്തു ഒരു പുഞ്ചിരി കളിയാടി.

* * * * * * *

മീനാക്ഷി (സുകുമാരനോട്)—പ്രാണനാഥാ! നിങ്ങൾ എന്നെ വിട്ടുപിരിഞ്ഞിട്ടു ഇങ്ങോട്ടു വരുവാൻ ഇത്ര താമസിച്ചതു എന്തുകൊണ്ടാണ്. ഞാൻ ദിവസങ്ങൾ എണ്ണിയെണ്ണിക്കഴിച്ചുകൂട്ടുകയാണ്.

സുകുമാരൻ—പ്രാണപ്രിയേ! എൻെറ അപരാധത്തെ ക്ഷമിക്കണം. ഞാൻ വേഗത്തിൽ മടങ്ങിവരാമെന്നു കരുതിയാണ് വീട്ടിൽ പോയതു. പക്ഷെ അവിചാരിതമായ ചില കാരണങ്ങളാൽ അതിന്നു സാധിക്കാതെ പോയി.

മീനാക്ഷി—ഇത്രവേഗം എന്നെ മറന്നുപോയോ എന്നു ഞാൻ സംശയിച്ചു.

സുകുമാരൻ—എന്താണ് ഭവതി ഇങ്ങിനെ പറയുന്നതു? ഓരോ കാരണങ്ങളാൽ രണ്ടാഴ്ചകൂടി താമസിക്കേണ്ടി വന്നതിൽ എനിക്കു വല്ലാത്ത വ്യസനമുണ്ട്. അതെല്ലാം ഇനി പറഞ്ഞിട്ടു കാര്യമില്ലല്ലോ. നമ്മുടെ കാര്യമെല്ലാം എന്തായി?

മീനാക്ഷി—അതിനെപററി ഞാൻ പറഞ്ഞിട്ടില്ലേ. അതിന്നൊരു ഇളക്കവും ഇല്ല.

സുകുമാരൻ—അമ്മാവൻേറയും അമ്മയുടേയും അനുമതി ലഭിച്ചോ?

മീനാക്ഷി—അമ്മാവനും അമ്മയും എൻെറ ഇഷ്ടപ്രകാരം സമ്മതിച്ചു; വാസ്തവത്തിൽ ഞാൻ അവരെക്കൊണ്ടു സമ്മതിപ്പിച്ചു. 'എല്ലാം അടുത്ത അവസരത്തിൽ നടത്തുന്നതിന്നു വിരോധമില്ലെന്നും പറഞ്ഞിരിക്കുന്നു. അവക്കു ജനാപവാദത്തെയാണ് വലിയ ഭയം, എൻെറ നിബ്ബന്ധവും അവക്കു എന്നോടുള്ള വാത്സല്യവുംമൂലം എൻെറ ആഗ്രഹപ്രകാരം സമ്മതിച്ചു. ഇനി നിങ്ങൾ അമ്മയോടും അമ്മാവനോടും നമ്മുടെ ആഗ്രഹത്തെ അറിയിക്കണം. നിങ്ങളുടെ വീട്ടുകാരോടും എല്ലാം വിവരവും പറഞ്ഞിട്ടില്ലേ?

സുകുമാരൻ—അവരോടെല്ലാം പറഞ്ഞിട്ടുണ്ട്. ഇവിടെ സൌകര്യമുള്ള ദിവസം അവക്കും സൌകര്യമായിരിക്കും.

"ശുഭസ്യശീഘ്രം" എന്നുണ്ടല്ലോ. അതുകൊണ്ടു നമ്മുടെ വിവാഹത്തെപററി വേഗം ആലോചന നടത്താം.

മീനാക്ഷി—"അതു ശരിതന്നെ."

സുകുമാരൻ ഉടനെതന്നെ കരുണാകരൻനായരോടു തൻെറ ആഗ്രഹം അറിയിക്കയും അദ്ദേഹം അതിന്നു സമ്മതിക്കയും ചെയ്തു. തദനന്തരം പ്രമാണികളും സമു

ദായപ്രവൎത്തകന്മാരുമായ വിവിധസമുദായങ്ങളിലുംപെട്ട മാന്യന്മാരുടെ സാന്നിദ്ധ്യത്തോടുകൂടി ഒരു ശുഭമുഹൂൎത്തത്തിൽ മീനാക്ഷീസുകുമാരന്മാരുടെ വിവാഹം ആഘോഷപൂൎവ്വം കൊണ്ടാടപ്പെട്ടു.

SEN GUPTA MEMORIAL
PUTHIYARA.
READING ROOM & LIBRARY

# ചില അഭിപ്രായങ്ങൾ.

1. <u>മഹാകവി വള്ളത്തോൾ:—</u> (ശിവലിംഗസ്വാമികൾ) "സാരള്യലാളിത്യാദികൊണ്ടു ഈ ഗദ്യനിബന്ധവും, നിങ്ങളുടെ മുൻകൃതികളെന്ന പോലെ തന്നെ, എന്നെ സന്തോഷിപ്പിക്കുന്നു. നിങ്ങളുടെ സാഹിത്യവിഹാരത്തിന്നു സൌഭാഗ്യം വർദ്ധിക്കട്ടെ!"

2. <u>സിലോൺ മലയാളി:—</u> (വീരതരുണി) അടുക്കളപ്പാവകളും പരിഷ്കാരകോമരങ്ങളുമായ ഇന്നത്തെ കേരളീയസുന്ദരിമാർക്ക 'വീരതരുണി'യുടെ ആവിർഭാവം പുളകോൽഗമകാരിയായിരിക്കുമെന്നാണു ഞങ്ങളുടെ അഭിപ്രായം.

3. THE COCHINITE:— (ധീരവനിത) The book is written in elegant but simple Malayalam and is decorated with an introduction from the pen of Mr. Pallath Raman.

4. <u>The Maha Rajas College Magazine;</u> Ernakulam. This is an easy prose—rendering of one of the nice little ballads of old Malábar setting forth the exploits of a brave Malayaleє. Heroine. Mr. Pallath Raman's Introduction written in a sort of beautiful poctic prose is a real ornament to this tiny volume.

5 <u>The Modern Review Calcutta:—</u> (വീരതരുണി) Mr K. R Bhaskaran deserves our special thanks for having brought out one such ballad at least in a fairly proper form with his lucid explanatory notes bere and there.

6. <u>സഹോദരൻ;</u> കൊച്ചി:— (രാജകേസരി) ശക്തൻതമ്പുരാന്റെ ഔദാര്യത്തെ കാണിക്കുന്ന ഒരു ഐതിഹ്യമാണ് ഇതിലെ വിഷയം... കഥ ഒരുവിധം രസമായി മി: ഭാസ്കരൻ എഴുതിട്ടുണ്ട്.

## വില്പാൻ ർ.

---

1. ധീരവനിത (കെ. ആർ. ഭാസ്കരൻ) വില 0_4_0 (2) വിരതരുണി 0_5_0 (3) രാജകേസരി 0_2_0 (4) ശിവലിംഗസ്വാമികൾ 0_8_0 (5) പ്രേമാങ്കുരം 0_4_0 (6) ശ്രീനാരായണഗുരുസ്വാമികൾ 1_0_0 (7) സ്തവരത്നാകരം 0_6_0 (8) വൃത്താന്തപത്രപ്രവർത്തനം (കെ. രാമകൃഷ്ണപിള്ള ബി. എ.) 1_0_0 (9) ജന്തുശാസ്ത്രം (കെ. സുകുമാരൻ ബി. എ.) 4 ഭാഗം 3_4_0 (10) സീമന്തിനി 0_2_6 (11) സംയോഗചിന്താരത്നം 0_12_0 (12) ദാമ്പത്യരത്നം 2_0_0 (12) കണ്ണുനീർത്തുള്ളി (നാലപ്പാടൻ) 0_8_0 (14) കൊച്ചുസീത. (വള്ളത്തോൾ) 0_6_0 (15) മാതൃശിക്ഷ 0_1_0 (16) ഭാഷാഭർതൃഹരി 0_4_0 (17) മഹാവിലാപം 0_1_0 (18) അംബോപദേശം 0_4_0 (19) ഒളിയമ്പുകൾ 0_4_0 (20) ശാന്തകുമാരി 1_4_0 (21) കനകാലയം 1_4_0 (22) ഗോഹർജാൻ 1_0_0 (23) സ്വപ്നകുമാരി 0_8_0 (24) ശ്രീരാമലക്ഷ്മണന്മാർ 0_10_0 (25) അമൃതപുളിനം (പള്ളത്തു രാമൻ) 1_4_0 (26) നളിനി (ആശാൻ) 0_6_0 വരെയും അനവധി കൃതികൾ തയ്യാറുണ്ട്.

ഉടൻ അപേക്ഷിക്കുക:—

മാനേജർ, കേരളഭാനു ബുക്ക് ഡിപ്പോ

പുതുക്കാട് (Cochin State.)

A410
260049
410